1. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും അവരുടെ കുട്ടികൾക്കും (കുട്ടികൾ വകുപ്പിലെ തന്നെ ഏതെങ്കിലും സ്ഥാപനങ്ങളിൽ താമസിക്കുകയാണെങ്കിൽ) ഒരുമിച്ച് കഴിയുന്നതിന് വീട് നിർമ്മിച്ച് കൊടുക്കുന്നതിനോ, ചെറിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ വേണ്ടിയും ക്ഷേമ സ്ഥാപനങ്ങളിൽ നിന്ന് വിവാഹം കഴിഞ്ഞ് പോകുന്ന പെൺകുട്ടികളുടെ ജീവിത മാർഗ്ഗത്തിന് വേണ്ടിയും പരമാവധി 10,000 രൂപ അനുവദിക്കുന്നതാണ്.

2. കുടുംബശ്രീ തെരഞ്ഞെടുത്തിട്ടുള്ള 179 പഞ്ചായത്തുകളിലെ അഗതി കുടുംബങ്ങൾക്ക് അവരുടെ ആവശ്യകതയ്ക്കനുസൃതമായി മറ്റ് ഏജൻസികൾ/ വകുപ്പുകൾ എന്നിവ നൽകുന്നതുകയ്ക്ക് പുറമെ ഒരു കുടുംബത്തിന് പരമാവധി 10,000 രൂപ എന്ന് നിജപ്പെടുത്തി അതാത് പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്നതാണ്.

ബി. പി. എൽ.-ൽ ഉൾപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

49 [3057] ശ്രീ. ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്;

(ബി) ഓരോ പദ്ധതിയുടെയും വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 'ബാലികാ സമൃദ്ധി യോജന' എന്ന പദ്ധതി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്കുവേണ്ടി നടപ്പിലാക്കിവരുന്നു.

(ബി) 1997 ആഗസ്റ്റ് 15-നോ അതിനുശേഷമോ ജനിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ 2 പെൺകുട്ടികൾക്കുവരെ 500 രൂപ വീതം കുട്ടിയുടേയും സി.ഡി.പി.ഒ.-യുടേയും പേരിൽ മുന്തിയ പലിശ ലഭിക്കുന്ന ദേശസാൽകൃത ബാങ്കിലോ, പോസ്റ്റാഫീസിലോ (സേവിംഗ്സ് അക്കൗണ്ട്സ്) നിക്ഷേപിക്കുകയും കുട്ടികൾക്ക് പ്രായപൂർത്തിയാകുമ്പോൾ തിരികെ നൽകുകയും ചെയ്യുന്നു.

കൂടാതെ വിദ്യാഭ്യാസത്തിനായി 1 മുതൽ 3 വരെയുള്ള ക്ലാസിൽ 300 രൂപ വീതവും 4-ാം ക്ലാസിൽ 500 രൂപ വീതവും 5-ൽ 600 രൂപ വീതവും 6-7-ൽ 700 രൂപ വീതവും 8-ൽ 800 രൂപ വീതവും 9-10-ൽ 1000 രൂപ വീതവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെയായി ഈ പദ്ധതി മുഖേന 1.3 ലക്ഷം പെൺകുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം (2004-2005) ബഡ്ജറ്റിൽ 500 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മംഗല്യ ഇൻഷ്വറൻസ് പദ്ധതി

50 [3058] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് മംഗല്യ ഇഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നടപ്പാക്കിയത്; ഇല്ലെങ്കിൽ നടപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഇതിനകം എത്ര പെൺകുട്ടികൾക്കുവേണ്ടി പ്രതിമാസ ഇൻഷ്വറൻസ് പ്രീമിയം സർക്കാർ അടച്ചിട്ടുണ്ട്;

(ഇ) ഈ പദ്ധതിക്കുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പിന് എന്തു തുക നൽകുമെന്നായിരുന്നു പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നത്; ഇതിനകം എന്തു തുക നൽകുകയുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹു: ധനകാര്യമന്ത്രിയുടെ 2004-2005 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ 103-ാം ഖണ്ഡികയിൽ മംഗല്യ ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അവശ കുടുംബങ്ങളിലെ 14 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ പെൺകുട്ടികൾക്കും സർക്കാർ പ്രതിമാസ പ്രീമിയം 8 വർഷത്തേക്ക് അടയ്ക്കുകയും പെൺകുട്ടികളുടെ വിവാഹസമയത്തു ഏറ്റവും ചുരുങ്ങിയത് 10,000 രൂപയുടെ നിരക്കിൽ നല്കുകയും ചെയ്യുന്നതാണ് ഈ പദ്ധതി.

(സി) ഇല്ല. അതിനുള്ള നിർവ്വഹണ ചട്ടങ്ങൾക്ക് രൂപം നൽകിവരുന്നു.

(ഡി) മുൻ (സി)-യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഈ സ്കീമിന് പ്രതിവർഷം 12 കോടി രൂപ ചെലവായി കണക്കാക്കിയിട്ടുണ്ട്. തുകയൊന്നും ഇതുവരെ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly